പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1961

04.05.2017 - ൽ മറുപടിക്ക്

# കൺസ്യൂമർഫെഡ് കോഴിക്കോട് ജില്ലയിൽ നിർത്തലാക്കിയ സ്റ്റോറുകൾ

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
| --- | --- |
| കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള സ്റ്റോറുകൾ കോഴിക്കോട് ജില്ലയിൽ നിർത്തലാക്കിയതിന്റെ കാരണമടക്കമുള്ള വിശദാംശം ലഭ്യമാക്കുമോ; | കൺസ്യൂമർഫെഡിന്റെ കീഴിലുള്ള കോഴിക്കോട് ജില്ലയിലെ കൊടുവള്ളി, കുലിമാട്, മൂണ്ടോട്ടുകുളങ്ങര, കടിയങ്ങാട്, കൊടഞ്ചേരി എന്നീ ത്രിവേണികളാണ് നിർത്തലാക്കിയിട്ടുള്ളത്. ഇതിൽ കൊടുവള്ളി ഒഴികെയുള്ള ത്രിവേണികൾ പ്രവർത്തിച്ചിരുന്ന സ്ഥലം സൗജന്യമായി പഞ്ചായത്തുകൾ അനുവദിച്ചിട്ടുള്ളതായിരുന്നു. കരാർ കാലാവധി അവസാനിച്ചതിനെ തുടർന്ന് സൗജന്യമായി അനുവദിക്കുവാൻ പഞ്ചായത്തുകൾ തയ്യാറായിരുന്നില്ല. വാടക നൽകി ടി ത്രിവേണികൾ പ്രവർത്തിപ്പിക്കുന്നത് ടി യൂണിറ്റുകളുടെ പ്രവർത്തനത്തിൽ കൂടുതൽ നഷ്ടം വരുത്തിവയ്ക്കുമെന്നതിനാലാണ് ഇവ നിർത്തലാക്കിയത്.<br>കൊടുവള്ളി ത്രിവേണി പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ കരാർ കാലാവധി അവസാനിച്ചതിനെ തുടർന്ന് വാടക വർദ്ധനവ് ആവശ്യപ്പെടുകയുണ്ടായതിനാൽ, ടി യൂണിറ്റിൽ വിൽപ്പനയുടെ വർദ്ധനവ് സാദ്ധ്യമല്ല എന്ന് ബോധ്യമായ സാഹചര്യത്തിൽ വാടക വർദ്ധനവ് നൽകി യൂണിറ്റ് പ്രവർത്തിക്കുന്നത് കൂടുതൽ നഷ്ടം വരുത്തിവയ്ക്കും എന്നതിനാലാണ് നിർത്തലാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ